# കേരള സർവകലാശാല

നം.പി.ആർ.192/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി സ്പോട്ട് അഡ്മിഷൻ (2016-17)
### (എസ്.സി/എസ്.ടി വിഭാഗക്കാർക്ക് മാത്രം)

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവ/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.ടി കോളേജുകളിലെ എം.എ, എം.എസ്സി, എം.കോം കോഴ്സുകളിൽ നിലവിൽ ഒഴിവുള്ള എസ്.സി/എസ്.ടി വിഭാഗം സീറ്റുകളിലേക്ക് ഒക്ടോബർ 18-ന് (18.10.2016) പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. രാവിലെ ഒമ്പത് മണിമുതൽ 11 മണി വരെ സെനറ്റ് ഹാളിൽ ഹാജരായി രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും റാങ്ക് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തും. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സ്പോട്ട് അഡ്മിഷനു ശേഷം ഒഴിവുവരുന്ന സീറ്റുകൾ പട്ടികജാതി (എസ്.സി) വിഭാഗത്തിലേക്ക് മാറ്റപ്പെടും. ജാതി തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ഹാജരാക്കിയാൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും നിർബന്ധമായും ഹാജരാക്കണം. നിശ്ചിത അഡ്മിഷൻ ഫീസായ 110/- രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവരേയും പരിഗണിക്കുന്നതാണ്.

### പി.ജി.ഡി.ജി.ഐ.എസ്.ടി പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ - സ്പെഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ പി.ജി ഡിപ്ലോമ ഇൻ ജിയോ-ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി കോഴ്സിന് 2016-17 ലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. വിശദവിരങ്ങൾ വെബ്സെറ്റിൽ (http://www.cgist.ac.in) ലഭിക്കും. ഫോൺ : 0471 – 2308214.

### ബി.എ പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഒക്ടോബർ 20-ന് തുടങ്ങുന്ന ബി.എ ((ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിൻ - സബ്സിഡിയറി, സപ്ലിമെന്ററി) പരീക്ഷയ്ക്ക് എഫ്.എം.എൻ കോളേജ്, ശാസ്താംകോട്ട ഡി.ബി കോളേജ്, കൊട്ടിയം എം.എം.എൻ.എസ്.എസ് കോളേജ്, ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജ്, ചവറ ബി.ജെ.എം കോളേജ് എന്നിവിടങ്ങളിൽ പരീക്ഷയെഴുതാൻ അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിൽ പരീക്ഷയെഴുതണം. മലപ്പുറം ഫലാഹിയ അറബിക് കോളേജ്, ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് എന്നിവിടങ്ങൾ അപേക്ഷിച്ചവർ ചേർത്തല എസ്.എൻ കോളേജിലും പുനലൂർ എസ്.എൻ കോളേജ് അപേക്ഷിച്ചവർ അഞ്ചൽ സെന്റ് ജോൺസ് കോളേജിലും

പരീക്ഷയെഴുതണം. തിരുവനന്തപുരം എം.ജി കോളേജ്, സംസ്കൃത കോളേജ്, ചെമ്പഴന്തി എസ്.എൻ കോളേജ് എന്നിവിടങ്ങൾ അപേക്ഷിച്ചവർ യൂണിവേഴ്സറ്റി കോളേജിലും നീറമൺകര എൻ.എസ്.എസ് കോളേജ് അപേക്ഷിച്ചവർ വഴുതക്കാട് ഗവ. വിമൻസ് കോളേജിലും കെ.എൻ.എം ഗവ. കോളേജ് അപേക്ഷിച്ചവർ കാട്ടാക്കട ക്രിസ്ത്യൻ കോളേജിലും മാർ ഇവാനിയോസ് കോളേജ് അപേക്ഷിച്ചവർ ഗവ. ആർട്സ് കോളേജിലും ആലപ്പുഴ എസ്.ഡി കോളേജ് അപേക്ഷിച്ചവർ സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമനിലും പരീക്ഷയെഴുതണം.

## ബി.ആർക് പരീക്ഷ

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.ആർക് (സപ്ലിമെന്ററി - 2008 സ്കീം) പരീക്ഷ നവംബർ 15-നും, അഞ്ചാം സെമസ്റ്റർ ബി.ആർക് സപ്ലിമെന്ററി - 2008 സ്കീം) പരീക്ഷ നവംബർ 21-നും, ഒമ്പതാം സെമസ്റ്റർ ബി.ആർക് (റഗുലർ & സപ്ലിമെന്ററി - 2008 സ്കീം) പരീക്ഷ നവംബർ 10-നും, പത്താം സെമസ്റ്റർ ബി.ആർക് (സപ്ലിമെന്ററി - 2008 സ്കീം) പരീക്ഷ നവംബർ 30-നും, ആറാം സെമസ്റ്റർ ബി.ആർക് (2013 സ്കീം - ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷ നവംബർ 21-നും തുടങ്ങും. ഏഴാം സെമസ്റ്റർ ബി.ആർക് (പ്രാക്ടിക്കൽ ട്രെയിനിംഗ്) പരീക്ഷയ്ക്ക് ഫീസ് അടയ്ക്കുന്നതിനുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഒക്ടോബർ 26-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.എഡ് (2015-17 ബാച്ച്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് (നോൺ സി.എസ്.എസ്) ടൈംടേബിൾ

കേരള സർവകലാശാല നവംബർ ഒമ്പതിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് - 2014 സ്കീം - സപ്ലിമെന്ററി - ഒരു വർഷ പ്രോഗ്രാം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർ ഒക്ടോബർ 19 മുതൽ 26 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവ സഹിതം പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

## എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല നവംബറിൽ തുടങ്ങുന്ന നാലാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), എട്ടാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) (2011-12-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ഒക്ടോബർ 24 (50 രൂപ പിഴയോടെ ഒക്ടോബർ 26, 250 രൂപ പിഴയോടെ ഒക്ടോബർ 28) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം.സി.ടി പരീക്ഷ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2014, 2011, 2006 സ്കീം) പരീക്ഷകൾ ഒക്ടോബർ 31 മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്രീഡിഗ്രി/പ്ലസ് ടു ജയം. ഫീസ് 6000/- രൂപ. ക്ലാസുകൾ രാവിലെ ഏഴ് മണിമുതൽ ഒമ്പത് മണിവരെ. അവസാന തീയതി ഒക്ടോബർ 28. ഫോൺ 0471-2302523.

## ടി.വി ന്യൂസ് ജേർണലിസം കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ബിരുദം. ഫീസ് 10500/- ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ. അവസാന തീയതി ഒക്ടോബർ 28. ഫോൺ 0471-2302523.

## എം.എസ്സി കൗൺസലിംഗ് സൈക്കോളജി : പ്രാക്ടിക്കൽ, വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി കൗൺസലിംഗ് സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ നവംബർ ഒന്ന് മുതൽ നടത്തും. ടൈംടൈബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) അതത് കോളേജുകളിലും ലഭിക്കും.

## ഐ.ബി.പി.എസ് പരീക്ഷ (പ്രിലിമിനറി) സൗജന്യ പരിശീലനം

ഐ.ബി.പി.എസ് രാജ്യമൊട്ടാകെയുള്ള 20 ബാങ്കുകളിലേക്കായി പ്രൊബേഷണറി/ മാനേജ്മെന്റ് തസ്തികകളിലേക്കായി നടത്തുന്ന പ്രാഥമിക പരീക്ഷയ്ക്ക് ഉദ്യോഗാർത്ഥികളെ സജ്ജമാക്കുന്നതിനായി പി.എം.ജി ജംഗ്ഷനിലെ കേരള സർവകലാശാല സ്റ്റുഡൻസ് സെന്ററിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ഒക്ടോബർ അവസാന ആഴ്ചമുതൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിൽ വച്ച് സൗജന്യ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ എത്രയും വേഗം രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, സ്റ്റുഡൻസ് സെന്റർ, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം. ഫോൺ. 0471-2304577.

## നാഷണൽ സെമിനാർ

കേരള സർവകലാശാല മ്യൂസിക് പഠനവകുപ്പിൽ ഒക്ടോബർ 18, 19 തീയതികളിൽ നടത്തുന്ന ഡൈമൻഷൻസ് ഓഫ് ഇൻഡ്യൻ ക്ലാസിക്കൽ മ്യൂസിക് എന്ന വിഷയത്തിലെ നാഷണൽ സെമിനാർ സേതു പാർവ്വതി ഭായി മെമ്മോറിയൽ ആഡിറ്റോറിയത്തിൽ പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഒക്ടോബർ 18 രാവിലെ 10 മണിക്ക് ഉദ്ഘാടനം ചെയ്യും.

സിൻഡിക്കേറ്റംഗങ്ങളായ കെ.എസ് ഗോപകുമാർ, ഡോ. ലതാ ദേവി തുടങ്ങിയവർ പങ്കെടുക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
17.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**


**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**